## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 722</u>    <u>08.01.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്</u>

### <u>സർക്കാർ ആശുപത്രികളിലെ വന്ധ്യതാചികിത്സാസൗകര്യം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ വന്ധ്യതാ ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വന്ധ്യതാ ചികിൽസയ്ക്കുള്ള സൗകര്യമുണ്ട്. എന്നാൽ പ്രസ്തുത ചികിൽസയുടെ ഭാഗമായ ഐ.വി.എഫ്. നടത്തുന്നതിനുള്ള സൗകര്യം നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മാത്രമേയുള്ളൂ. ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രിയിലും, തൃശ്ശൂർ ജില്ലാ ആശുപത്രിയിലും മെച്ചപ്പെട്ട വന്ധ്യതാ ചികിൽസാ സൗകര്യം നിലവിലുണ്ട്. |
| (ബി) | ജില്ലാ/താലൂക്ക് ആശുപത്രികളിൽ വന്ധ്യതാ ചികിത്സയ്ക്ക് മതിയായ സൗകര്യം നിലവിലുണ്ടോ ; | (ബി) | കേന്ദ്രഗവൺമെന്റിന്റെ നൂതന പദ്ധതിയായ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഇൻഫർട്ടിലിറ്റി നടപ്പിലാക്കുമ്പോൾ ജില്ലാ / താലൂക്ക് ആശുപത്രികളിൽ സ്ക്രീനിംഗ് ടെസ്റ്റുകൾ, ഡയഗ്നോസ്റ്റിക് ലാപ്രോസ്കോപ്പി, ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ എന്നിവ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (സി) | |
| (ഡി) | വന്ധ്യതാചികിത്സാ രംഗത്തെ ആധുനിക സൗകര്യങ്ങൾ സർക്കാർ മേഖലയിൽ ഏർപ്പെടുത്തുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ? | (ഡി) | നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമായ വന്ധ്യതാ ചികിൽസാ രംഗത്തെ ആധുനിക സൗകര്യം മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടി ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ആദ്യ ബാച്ചിൽ ഐ.വി.എഫ്-ലൂടെ 4 കുട്ടികളെ ലഭിച്ചിട്ടുണ്ട്. അടുത്ത ബാച്ചും വിജയകരമായി തുടരുന്നു.<br>തിരുവനന്തപുരത്തുള്ള തൈക്കാട് സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രിയിൽ വന്ധ്യതാ ചികിൽസ വിപുലീകരിക്കുന്നതിനായി കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ